# ചെങ്ങറ സമരഭൂമിയിൽ തളിർത്ത അതിജീവനത്തിന്റെ വിത്തുകൾ

വിഭവങ്ങളിൽ നിന്നെല്ലാം അന്യവത്കരിക്കപ്പെട്ട ഒരു ജനസമൂഹത്തിന്റെ മുൻകൈയിൽ കേരളത്തിന് അത്ര പരിചിതമല്ലാത്ത ഒരു രചനാത്മക സമരരൂപം ചെങ്ങറയിൽ ഉടലെടുത്തിരിക്കുന്നു. പത്ത് വർഷം പിന്നിട്ട ചെങ്ങറ സമരഭൂമി ഇന്ന് ഒരു മാതൃകാഗ്രാമമാണ്. റബ്ബർ മാത്രമുണ്ടായിരുന്ന ഏകവിളത്തോട്ടം വിളവൈവിദ്ധ്യത്തിലേക്ക് വഴിമാറിയിരിക്കുന്നു. മാറിമാറി വന്ന സർക്കാരുകൾ ഇനിയും പരിഗണിക്കാൻ സന്നദ്ധമാകാത്ത ഒരു സമരം കേരളത്തിന് പകർന്നുനൽകുന്ന പാഠങ്ങൾ എന്തെല്ലാമാണ്?

**കേരളീയം വാർത്താശൃംഖല**

➪ *ചെങ്ങറത്തോട്ടത്തെ ഒരു ഭക്ഷ്യസ്വയംപര്യാപ്ത വില്ലേജാക്കി പരിവർത്തനം ചെയ്തു* ➪

**കേരളത്തിന്റെ** ഭരണചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ നിയമനിർമ്മാണമായി വിലയിരുത്തപ്പെടുന്ന ഭൂപരിഷ്കരണ നിയമം അപാകതകൾ നിറഞ്ഞ ഒന്നായിരുന്നുവെന്ന് വസ്തുതാപരമായി വ്യക്തമാക്കിയത് ആ സമരമായിരുന്നു. ഭൂപരിഷ്കരണം നടപ്പിലാക്കിയ നാട്ടിൽ ഭൂരഹിതരുടെ മുൻകൈയിൽ നടന്ന ആ സമരം ഭൂഅധികാരത്തെക്കുറിച്ചും ഭൂവിനിയോഗത്തെക്കുറിച്ചും നിലനിന്നിരുന്ന സാമ്പ്രദായിക ധാരണകളെ തിരുത്തിയെഴുതി. ഭൂപരിഷ്കരണത്തിന്റെ പരിധിയിൽ വരാതെ പോയ മണ്ണും മനുഷ്യനും അതിജീവനത്തിന്റെ വിത്തുകൾ ആ സമരഭൂമിയിൽ വിതറി. ഒട്ടേറെ ചോദ്യങ്ങളുമായി അവ മുളച്ചു. ഭൂമിയുടെ മേലുള്ള അടിസ്ഥാന ജനവിഭാഗങ്ങളുടെ അവകാശത്തെക്കുറിച്ച് കേരളം ഭരിച്ചിരുന്നവർക്കുണ്ടായിരുന്ന അജ്ഞതയെ രാഷ്ട്രീയമായി പ്രശ്നവത്കരിച്ചുകൊണ്ട് ഒരു വലിയ സമരമായി ആ വിത്തുകൾ വളർന്നുവന്നു. അതെ, പത്ത് വർഷം പിന്നിടുന്ന ചെങ്ങറ ഭൂസമരത്തിന്റെ കരുത്ത് ഈ പറഞ്ഞതിനെല്ലാം അപ്പുറമാണ്.

ചെങ്ങറ സമരം ഉന്നയിച്ച ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിൽ മാറിമാറി വന്ന മുന്നണി സർക്കാരുകൾ പരാജയപ്പെട്ടപ്പോൾ സമരപ്രവർത്തകർ തന്നെ സമരഭൂമിയിൽ മറുപടികൾ തീർക്കാൻ തുടങ്ങി. അങ്ങനെ കേരളത്തിന് അത്ര പരിചിതമല്ലാത്ത ഒരു രചനാത്മക സമരരൂപം കൂടി വിഭവങ്ങളിൽ നിന്നെല്ലാം അന്യവത്കരിക്കപ്പെട്ട ഒരു സമൂഹത്തിന്റെ മുൻകൈയിൽ ചെങ്ങറയിൽ ഉടലെടുത്തു. പത്ത് വർഷത്തിനിടയിൽ ഒട്ടേറെ കയറ്റിറക്കങ്ങളിലൂടെ കടന്നുപോയെങ്കിലും ചെങ്ങറയിലെ പ്ലാന്റേഷൻ ഭൂമി കൃത്യമായി പങ്കിട്ടെടുത്ത്, അത് ഒരു മാതൃകാഗ്രാമമാക്കിത്തീർക്കുന്നതിൽ ഒരിക്കൽ കോളനികളിലും പുറമ്പോക്കിലും കഴിഞ്ഞിരുന്ന ജനങ്ങൾ വിജയിച്ചു. സർക്കാർ തലത്തിൽ തീരുമാനമൊന്നും ഉണ്ടാകാതെവന്നപ്പോൾ നിശ്ചയദാർഢ്യം കൊണ്ട് ജനങ്ങൾ തന്നെ അവരുടെ ജീവിതം നിശ്ചയിച്ചു. കാർഷികമേഖലയിൽ കൂലിപ്പണിക്കാരായി പണിയെടുത്തിരുന്ന ദലിതരും ആദിവാസികളും മറ്റ് ഭൂരഹിതരും അടങ്ങുന്ന സമരക്കാർ റബ്ബർ മരങ്ങൾ മാത്രമുണ്ടായിരുന്ന ചെങ്ങറത്തോട്ടത്തെ ഒരു ഭക്ഷ്യസ്വയംപര്യാപ്ത വില്ലേജാക്കി പരിവർത്തനം ചെയ്തു. ഏകവിളത്തോട്ടം ജൈവവൈവിദ്ധ്യത്താൽ സമ്പന്നമായ ഹരിതഭൂമിയായിമാറി. അവർതന്നെ പങ്കിട്ടെടുത്ത സ്വന്തം ഭൂമിയിൽ ജീവിതത്തിൽ

⇨ ഹാരിസണിന്റെ പിന്തുണയോടെ എസ്റ്റേറ്റ് തൊഴിലാളികളും സമീപവാസികളും സമരക്കാരെ ആക്രമിക്കാൻ തുടങ്ങി ⇨



റബ്ബർ മരങ്ങൾ മുറിച്ചുമാറ്റിവച്ച വാഴയും മറ്റ് ഫലവൃക്ഷങ്ങളും

ആദ്യമായി അവർ അദ്ധ്വാനിച്ചു, വിളവെടുത്തു, വിശ്രമിച്ചു, സാമൂഹിക ജീവിതം നയിച്ചു.

ഭൂപരിഷ്കരണ നിയമം രണ്ടും മൂന്ന് സെന്റ് കോളനികളിൽ തളച്ചിട്ട ഈ സമൂഹം, അതേ ഭൂപരിഷ്കരണ നിയമം അതിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയ തോട്ടഭൂമി പിടിച്ചെടുത്തുകൊണ്ട് പ്രബലമായ വികസനധാരണകളെ ചോദ്യം ചെയ്തു. പാട്ടക്കാലാവധി കഴിഞ്ഞിട്ടും ചെങ്ങറ പ്ലാന്റേഷൻ അനധികൃതമായി കൈവശം വച്ചിരുന്ന ഹാരിസൺ മലയാളം കമ്പനി സമരത്തിന് മുന്നിൽ മുട്ടുമടക്കി. ഏകവിളത്തോട്ടങ്ങൾ ദേശീയസമ്പദ്‌വ്യവസ്ഥയ്ക്ക് വലിയ മുതൽക്കൂട്ടാകുമെന്ന പഴയ വികസന സങ്കൽപ്പത്തിന് മേൽ കടിച്ചുതൂങ്ങാനാകാത്തവിധം സർക്കാരുകളും ദുർബലമായി. തൊഴിലാളികളുടെ അവകാശമുന്നയിച്ച് ഉപരോധത്താൽ സമരഭൂമിയെ വരിഞ്ഞുകെട്ടിയ ട്രേഡ് യൂണിയൻകാർക്കും പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. ആ ഉത്കണ്ഠകളേക്കാൾ ആഴമുള്ള ചരിത്രപരമായ അനീതിയെക്കുറിച്ചാണ് ചെങ്ങറ സമരം സംസാരിച്ചത് എന്നതിനാൽ അതിന്റെ പരിഗണനകൾ എപ്പോഴും വിജയിച്ചുകൊണ്ടേയിരുന്നു. എന്നിട്ടും സർക്കാർ തലത്തിലുണ്ടാക്കിയ ഒത്തുതീർപ്പുവ്യവസ്ഥകളെല്ലാം ചെങ്ങറ സമരത്തിന്റെ ഈ പ്രാധാന്യത്തെ പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയാത്ത കടലാസുകൾ മാത്രമായിരുന്നു. അതിൽ വിശ്വസിച്ച് ചിലരെല്ലാം വഞ്ചിതരായെങ്കിലും ചെങ്ങറ സമരഭൂമിയിലെ ബഹുഭൂരിപക്ഷം പേർക്കും തോൽക്കാൻ മനസ്സുണ്ടായിരുന്നില്ല. കാരണം അവർക്ക് തിരിച്ചുപോകാൻ ഭൂമിയിൽ വേറെ ഇടമുണ്ടായിരുന്നില്ല. ആ ബോധ്യമാണ് സമരഭൂമിയിൽ അവരെ ഉറപ്പിച്ചുനിർത്തിയത്. ആ തീർച്ചയാണ് ചെങ്ങറയെ ഇന്നുകാണുന്ന രൂപത്തിൽ ഒരു മാതൃകാഗ്രാമമാക്കി മാറ്റിത്തീർത്തത്.

കേരളത്തിൽ എമ്പാടും ഒട്ടേറെ ഭൂസമരങ്ങൾക്ക് വഴിതുറന്നതും ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുള്ള ഭൂമി അളക്കാൻ സർക്കാർ തീരുമാനിക്കുന്നതും രാജമാണിക്യം റിപ്പോർട്ട് യാഥാർത്ഥ്യമാകുന്നതും വരെ ഈ ദൃഢനിശ്ചയത്തിന്റെ പ്രതിഫലനങ്ങളായിരുന്നു. പത്ത് വർഷവും കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളെല്ലാം എതിരായി നിന്ന ഒരു സമരമാണ് ഇത്രമാത്രം ചലനം കേരള സമൂഹത്തിൽ സൃഷ്ടിച്ചത് എന്നത് തീർച്ചയായും അതിന്റെ പ്രധാന്യം വർദ്ധിപ്പിക്കുന്നുണ്ട്. ചെങ്ങറ സമരത്തിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ളാഹാ ഗോപാലന്റെ ഏകാധിപത്യ സമീപനം കാര

ണം പലരും സമരഭൂമി വിട്ടുപോവുകയും ഒടുവിൽ അദ്ദേഹത്തിന് തന്നെ അവിടെ നിന്നും പിൻവാങ്ങേണ്ടിവരുകയും ചെയ്തിട്ടും സമരത്തിന്റെ പ്രസക്തി ഒട്ടും കുറഞ്ഞുപോകാത്ത വിധം ചെങ്ങറ ഒരു മാതൃകയായി മാറിയിരിക്കുന്നു. വിട്ടുവീഴ്ചയില്ലാത്ത വിധം ചെങ്ങറയിൽ ഉറച്ചുനിന്നവർ ആ ഭൂമിയെ അത്തരത്തിൽ മാറ്റിത്തീർത്തിരിക്കുന്നു.

### അൽപ്പം ചരിത്രം

ഭൂരഹിതർക്ക് ഭൂമി നൽകണമെന്ന് ആവശ്യപ്പെട്ട് പത്തനംതിട്ട കളക്ട്രേറ്റിന് മുന്നിൽ നാലായിരത്തോളം പേർ പങ്കെടുത്ത ഒരു സമരത്തോടെയാണ് ചെങ്ങറ സമരത്തിന്റെ ആദ്യഘട്ടം ആരംഭിക്കുന്നത്. ഭൂമി നൽകാമെന്ന ഉറപ്പിൽ സമരം തുടങ്ങി നാല് ദിവസത്തിനുള്ളിൽ അത് പിൻവലിച്ചു. എന്നാൽ വാഗ്ദാനങ്ങൾ ലംഘിക്കപ്പെട്ടതോടെ 2007 ആഗസ്റ്റ് 4ന് ഹാരിസൺ മലയാളം പ്ലാന്റേഷൻ കൈവശം വച്ചിരുന്ന ചെങ്ങറ കുറുമ്പറ്റ ഡിവിഷനിലെ റബ്ബർ തോട്ടം സാധുജന വിമോചന സംയുക്തവേദിയുടെ ആഭിമുഖ്യത്തിൽ ആയിരത്തോളം പേർ വരുന്ന ഭൂരഹിതർ കയ്യേറി. ബലപ്രയോഗത്താൽ ഒഴിപ്പിക്കാൻ ശ്രമിച്ചാൽ ആത്മഹത്യ ചെയ്യുമെന്ന് ഭീഷണിമുഴക്കിക്കൊണ്ട് സമരക്കാർ അന്നുതന്നെ അവിടെ അഞ്ഞൂറോളം കുടിലുകൾ കെട്ടി. പോലീസ് ഒഴിപ്പിക്കാനെത്തിയില്ലെങ്കിലും രണ്ട് ദിവസത്തിനുള്ളിൽത്തന്നെ ഹാരിസണിന്റെ പിന്തുണയോടെ എസ്റ്റേറ്റ് തൊഴിലാളികളും സമീപവാസികളും സമരക്കാരെ ആക്രമിക്കാൻ തുടങ്ങി.

സമരഭൂമിയിൽ നിന്നും പുറത്തേക്കിറങ്ങിയവർ കൊടിയ മർദ്ദനത്തിന് ഇരകളായി. പലരും സാരമായ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടു. ഈ അക്രമം ചെങ്ങറ സമരഭൂമിക്ക് നേരെയുള്ള ഉപരോധമായി കാലക്രമേണ മാറി. അവശ്യസാധനങ്ങൾ വാങ്ങാൻ പോലും സമരഭൂമിയിൽ നിന്നും പുറത്തേക്ക് പോകാൻ കഴിയാതെ വന്നതോടെ സമരക്കാർ പട്ടിണിയിലായി. മഴ ശക്തമായതോടെ കുടിലുകൾ പലതും തകർന്നുവീണു. ഏറെ ദുരിതങ്ങൾ സഹിക്കേണ്ടി വന്നിട്ടും സഹനസമരത്തിന്റെ പാത ചെങ്ങറക്കാർ കൈവിടാതെ നോക്കി. ഉപരോധത്തെ കായികമായി നേരിടാൻ ശ്രമിച്ചാൽ സമരത്തെ പോലീസ് തല്ലിത്തകർക്കുമായിരുന്നു എന്ന് അവർക്ക് ഉത്തമ ബോധ്യമുണ്ടായിരുന്നു.

ഉപരോധം ഏറെക്കാലം തുടർന്നു. വി.എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുണ്ടായിരുന്ന അന്നത്തെ സർക്കാർ സമരത്തെ ഒരുത




ചെങ്ങറയിലേക്കുള്ള (ഡോ. അംബേദ്കർ സ്മാരക മാതൃകാഗ്രാമം) പ്രവേശന കവാടം

രത്തിലും പരിഗണിക്കാൻ സന്നദ്ധമായിരുന്നില്ല എന്നുമാത്രമല്ല തോട്ടം മുതലാളിയുടെ റബ്ബർ മോഷ്ടിച്ചുവിറ്റാണ് ളാഹയും കൂട്ടരും കഴിയുന്നത് എന്ന പ്രസ്താവന വരെ വി.എസ്സിന്റെ ഭാഗത്ത് നിന്നുമുണ്ടായി. ഭൂസമര പ്രവർത്തകരും പ്ലാന്റേഷൻ തൊഴിലാളികളും തമ്മിലുള്ള ഒരു സമവായ ചർച്ചയ്ക്ക് വഴിയൊരുക്കുന്നതിനു പകരം ട്രേഡ് യൂണിയൻ മുഷ്കിനെ അന്ധമായി പിന്തുണയ്ക്കുന്ന നിലപാടാണ് ഇടതുപക്ഷം കൈക്കൊണ്ടത്. പ്രതിപക്ഷത്തായിരുന്നപ്പോൾ ചെങ്ങറ സമരത്തിന് അനുകൂലമായി നിന്ന ഉമ്മൻ ചാണ്ടിയും മുഖ്യമന്ത്രി സ്ഥാനത്തേക്ക് വന്നപ്പോൾ സ്ഥിതി മാറി. ഒട്ടേറെ ചർച്ചകൾക്ക് ശേഷം ഒടുവിൽ പാക്കേജ് കൊണ്ടുവരാൻ ഉമ്മൻ ചാണ്ടിക്ക് കഴിഞ്ഞു. പക്ഷെ പലതരത്തിലുള്ള ചതിക്കുഴികൾ നിറഞ്ഞതാണ് ആ പാക്കേജ് എന്ന് തിരിച്ചറിയാൻ പല സമരപ്രവർത്തകർക്കും കഴിഞ്ഞില്ല. സമരഭൂമിയിലുള്ള ഭൂമി ലഭിക്കാൻ അർഹരായ 1495 കുടുംബങ്ങൾക്ക് ഭൂമി നൽകുമെന്നാണ് പാക്കേജിൽ പറഞ്ഞിരുന്നത്. ആദിവാസികൾക്ക് ഒരേക്കറും പട്ടികജാതി കുടുംബങ്ങൾക്ക് അര ഏക്കറും മറ്റുള്ളവർക്ക് ഇരുപത്തഞ്ച് സെന്റും എന്നതായിരുന്നു നിശ്ചയിച്ചിരുന്നത്. ഭൂമി നൽകുന്നതിനായി നിശ്ചയിച്ച സ്ഥലങ്ങളിൽ പോയി പരിശോധന നടത്തിയ ളാഹാ ഗോപാലൻ, വാസയോഗ്യമല്ലാത്ത ഭൂമിയാണ് നൽകാൻ പോകുന്നതെന്നും ആരും പോകരുതെന്നും സമരപ്രവർത്തകർക്ക് നിർദ്ദേശം നൽകി. എന്നാൽ സർക്കാർ പാക്കേജിൽ വിശ്വാസമർപ്പിച്ച് കാസർഗോഡ്, പാലക്കാട്, ഇടുക്കി, കൊല്ലം, മലപ്പുറം ജില്ലകളിലെ പുനരധിവാസ കേന്ദ്രങ്ങളിലേക്ക് പോയവർ ശരിക്കും ചതിക്കപ്പെട്ടു. പാറക്കെട്ടും മൊട്ടക്കുന്നും കാട്ടുപ്രദേശവുമായിരുന്നു വാഗ്ദത്ത ഭൂമിയിൽ അവരെ കാത്തിരുന്നത്. പലരും അവിടം വിട്ട് വീണ്ടും അനാഥരായി. സർക്കാർ പാക്കേജിലെ ചതി മനസ്സിലാക്കി പോകാതിരുന്നവർ ചെങ്ങറയിൽ തന്നെ തുടർന്നു. ആ കരുത്തുറ്റ തീരുമാനത്തെ മറികടന്ന് അവരെ ബലപ്രയോഗത്താൽ ഒഴിപ്പിക്കാൻ സർക്കാരും മടിച്ചു. ചെങ്ങറയിൽ തുടർന്നവർ തോട്ടം അളന്ന്, ഭൂമി പങ്കിട്ടെടുത്ത്, റബ്ബർ മരങ്ങൾ മുറിച്ചുമാറ്റി, കൃഷി ചെയ്ത് പുതിയ സമരചരിത്രം രചിച്ചു.

**ചെങ്ങറയുടെ വർത്തമാനങ്ങൾ**

ചെങ്ങറ ഇപ്പോൾ എങ്ങനെയാണ് ജീവിക്കുന്നതെന്നും, സമരക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്നും, സർക്കാരിനോട് ആവശ്യപ്പെടുന്നത് എന്തെല്ലാമാണെന്നും അവർ തന്നെ വിശദീകരിക്കും. ളാഹാ ഗോപാലൻ പോയശേഷം ചെങ്ങറയിൽ നേതൃത്വപരമായ പങ്കുവഹിക്കുന്ന ഒരാളായ ടി.ആർ. ശശി സംസാരിക്കുന്നു.

"ഞങ്ങൾ ഇപ്പോൾ അറുന്നൂറോളം കുടുംബങ്ങളാണ് ചെങ്ങറ സമരഭൂമിയിലുള്ളത്. 50 സെന്റ് വീതം ഞങ്ങൾ പങ്കിട്ടെടുത്തു. സ്വകാര്യസ്ഥലം കൂടാതെ രണ്ടര ഏക്കർ പൊതുസ്ഥലം കൂടി അക്കൂട്ടത്തിലുണ്ട്. അതിൽ ചന്തയും അംഗൻവാടിയുമെല്ലാം പ്രവർത്തിക്കുന്നുണ്ട്. അംഗൻവാടിയുടെ പ്രവർത്തനം ഇപ്പോൾ നിലച്ചു. നാല് വർഷം നന്നായി പ്രവർത്തിച്ചിരുന്നു. ടീച്ചർമാർക്ക് ശമ്പളം കൊടുക്കാനും കുട്ടികൾക്ക് ഭക്ഷണം കൊടുക്കാനുമുള്ള പണം പിന്നീട് സമാഹരിക്കാൻ കഴിഞ്ഞില്ല. കുറച്ചുകൂടി മുതിർന്ന കുട്ടികൾ സമരഭൂമിക്ക് പുറത്തുള്ള സ്കൂളിലാണ് പഠിക്കാൻ പോകുന്നത്. എട്ട് കിലോമീറ്റർ അപ്പുറമാണ് ഒരു സർക്കാർ സ്കൂളുള്ളത്.

കൃഷിയാണ് എല്ലാ കുടുംബങ്ങളുടെയും ഉപജീവനമാർഗ്ഗം. ഈ തോട്ടത്തിലുണ്ടായിരുന്ന റബ്ബർ മരങ്ങളെല്ലാം വെട്ടിമാറ്റിയ ശേഷമാണ് ഞങ്ങൾ ഭൂമി പങ്കിട്ടെടുത്തത്. എല്ലാവരും അവരവർ കൈവശം വയ്ക്കുന്ന അര ഏക്കറിൽ നല്ലരീതിയിൽ കൃഷി നടത്തുന്നുണ്ട്. റബ്ബർ മരങ്ങൾ മാത്രമുണ്ടായിരുന്ന ഈ മണ്ണിൽ വാഴ, ചേന, ചേമ്പ്, കാച്ചിൽ, മരച്ചീനി, പച്ചമുളക്, വഴുതന, വെണ്ട, കുരുമുളക് തുടങ്ങിയവയെല്ലാം ഞങ്ങൾ കൃഷി ചെയ്യുന്നു. തെങ്ങ്, മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും നട്ടുപിടിപ്പിച്ചു. അതിൽ പലതും ഇ

കൃഷിയാണ് എല്ലാ കുടുംബങ്ങളുടെയും ഉപജീവനമാർഗ്ഗം. ഈ തോട്ടത്തിലുണ്ടായിരുന്ന റബ്ബർ മരങ്ങളെല്ലാം വെട്ടിമാറ്റിയ ശേഷമാണ് ഞങ്ങൾ ഭൂമി പങ്കിട്ടെടുത്തത്. എല്ലാവരും അവരവർ കൈവശം വയ്ക്കുന്ന അര ഏക്കറിൽ നല്ലരീതിയിൽ കൃഷി നടത്തുന്നുണ്ട്. റബ്ബർ മരങ്ങൾ മാത്രമുണ്ടായിരുന്ന ഈ മണ്ണിൽ വാഴ, ചേന, ചേമ്പ്, കാച്ചിൽ, മരച്ചീനി, പച്ചമുളക്, വഴുതന, വെണ്ട, കുരുമുളക് തുടങ്ങിയവയെല്ലാം ഞങ്ങൾ കൃഷി ചെയ്യുന്നു. തെങ്ങ്, മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും നട്ടുപിടിപ്പിച്ചു. അതിൽ പലതും ഇപ്പോൾ കായ്ച്ചു തുടങ്ങിയിട്ടുണ്ട്.



സമരഭൂമിയിലെ അംഗൻവാടി കെട്ടിടം




സമരഭൂമിയിലെ ലൈബ്രറി കെട്ടിടം

പ്പോൾ കായ്ച്ചു തുടങ്ങിയിട്ടുണ്ട്. ഈ കൃഷിയിൽ നിന്നുള്ള സാധനങ്ങളെയാണ് ഞങ്ങൾ ഭക്ഷണത്തിനായി ആശ്രയിക്കുന്നത്. ബാക്കി വരുന്ന പച്ചക്കറികളും കിഴങ്ങുകളും വാഴക്കുലയുമെല്ലാം ഞങ്ങൾ മാർക്കറ്റിലേക്ക് കൊടുക്കുന്നുണ്ട്. കോന്നിയിലെയും പത്തനംതിട്ടയിലെയും വടശ്ശേരിക്കരയിലേയുമെല്ലാം ചന്തകളിൽ ചെങ്ങറ സമരഭൂമിയിൽ നിന്നുള്ള പച്ചക്കറികൾ ഇന്ന് എത്തുന്നുണ്ട്. അതാണ് ഞങ്ങളുടെ പ്രധാന വരുമാനം. അല്ലാത്തപ്പോൾ സമരഭൂമിക്ക് പുറത്ത് വിവിധ പണികൾക്ക് പോകും. അങ്ങനെയാണ് ഞങ്ങൾ ഇപ്പോൾ കഴിഞ്ഞുപോകുന്നത്.

ഇത്രയും കാലം കഴിഞ്ഞിട്ടും ഭൂമി ഞങ്ങൾക്ക് അനുവദിച്ചുതരുന്ന കാര്യത്തിൽ സർക്കാർ ഒരു തീരുമാനവുമെടുത്തിട്ടില്ല. ചെങ്ങറ തോട്ടം ഹാരിസണിന്റെ ഭൂമിയാണെന്നും അവിടെ മറ്റ് നിർമ്മാണപ്രവർത്തനങ്ങളൊന്നും നടത്താൻ പാടില്ലെന്ന് ഹൈക്കോടി വിധിയുണ്ടെന്നുമാണ് ഈ ഭൂമി ഞങ്ങൾക്ക് അനുവദിച്ചുതരുന്നതിന് തടസ്സമായി സർക്കാർ പറയുന്നത്. ഹാരിസൺ കമ്പനിപോലും ചെങ്ങറ തോട്ടം ഉപേക്ഷിച്ചതായാണ് വാർത്തകളിൽ നിന്നും ഞങ്ങൾക്ക് അറിയാൻ കഴിയുന്നത്. എന്നിട്ടും സർക്കാരിന്റെ സമീപനത്തിൽ മാറ്റമുണ്ടായിട്ടില്ല എന്നതാണ് കഷ്ടം. ഞങ്ങൾ ഇപ്പോൾ കൈവശം വയ്ക്കുന്ന ഭൂമി ഞങ്ങൾക്ക് പതിച്ചു നൽകുകയും വീട്ടുനമ്പറിട്ട് തരുകയും ചെയ്യാൻ സർക്കാർ സന്നദ്ധമാകണം. എന്നാൽ മാത്രമേ ഈ നാട്ടിലുള്ള എല്ലാ പൗരന്മാർക്കും ലഭിക്കുന്ന ആനുകൂല്യങ്ങളും നീതിയും ഞങ്ങൾക്കും ലഭ്യമാകൂ. പക്ഷെ ഞങ്ങൾ അതൊന്നും അർഹിക്കുന്നില്ലെന്നാണ് മാറിമാറി വരുന്ന സർക്കാരുകൾ വച്ചുപുലർത്തുന്ന സമീപനം. ഞങ്ങൾ ഇവിടെ എന്തോ അനാശാസ്യ പ്രവർത്തനം നടത്തുകയാണെന്നും കുറച്ചുകാലം കഴിയുമ്പോൾ പരസ്പരം അടിച്ചുപിരിഞ്ഞ് ഇവിടം വിട്ടുപോകുമെന്നുമാണ് അവർ പറഞ്ഞുപ്രചരിപ്പിക്കുന്നത്. ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുന്നവർ തീർച്ചയായും ഇവിടേക്ക് വന്ന് ഈ മാതൃകാഗ്രാമം കാണണം. ഒരു തുള്ളി മദ്യം പോലും ഞങ്ങൾ ഇതിനുള്ളിലേക്ക് കയറ്റില്ല. സർക്കാരിന് പോലും ഇത്ര കാര്യക്ഷമമായി മദ്യനിരോധനം നടപ്പിലാക്കാൻ കഴിയില്ല. സമരഭൂമിയിൽ ഒരു തരത്തിലുള്ള ബഹളങ്ങളുമുണ്ടാകാറില്ല. ഞങ്ങളെല്ലാവരും വളരെ ഒത്തൊരുമയോടെയാണ് ഇവിടെ ജീവിച്ചുപോരുന്നത്.

2010ൽ ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ഒരു പാക്കേജ് പ്രഖ്യാപിച്ചതോടെ ചെങ്ങറ സമരം ഒത്തുതീർപ്പായി എന്നാണ് ബഹുഭൂരിപക്ഷം പേരും കരുതുന്നത്. എന്നാൽ ആ പാക്കേജ് വലിയൊരു ചതിയായിരുന്നു. ചെങ്ങറ സമരഭൂമിയിൽ ഇപ്പോൾ ഉള്ളവരാരും ആ പാക്കേജ് അംഗീകരിച്ചവരല്ല. ആ പാക്കേജിൽ വിശ്വസിച്ച് നിരവധി പേർ അന്ന് ചെങ്ങറയിൽ നിന്നും പുറത്തുപോയിരുന്നു. അതുവരെ ചെങ്ങറയിൽ ഉണ്ടായിരുന്നവരുടെ ലിസ്റ്റ് എടുത്ത്, അത് വിശദമായി പരിശോധിച്ച്, അതിൽ നിന്നും 1495 പേരെ കണ്ടെത്തി അവർക്ക് വേണ്ടിയാണ് പാക്കേജ് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിച്ചത്. പാക്കേജ് പ്രകാരം ഞങ്ങൾക്ക് ഭൂമി നൽകുന്നതിനായി കണ്ടെത്തിയ സ്ഥ

⇨ റേഷൻ കാർഡില്ലാത്തതുകൊണ്ട് മണ്ണെണ്ണ വാങ്ങാൻ കഴിയുന്നില്ല ⇨



ടാർപോളിൻ ഷീറ്റുകൊണ്ട് കെട്ടിയുണ്ടാക്കിയ സമരഭൂമിയിലെ ഒരു വീട്. ഒരു വീട്ടുനമ്പറാണ് അവർ ഇപ്പോൾ പ്രധാനമായി ആവശ്യപ്പെടുന്നത്.

ലങ്ങളിലെല്ലാം ചെങ്ങറയിൽ നിന്നും ഒരു ടീം സന്ദർശനം നടത്തിയിരുന്നു. ഒരുതരത്തിലും വാസയോഗ്യമായ സ്ഥലമല്ല അനുവദിച്ചിരിക്കുന്നത് എന്ന് ആ ടീം കണ്ടെത്തുകയും ആരും ആ പാക്കേജ് അംഗീകരിക്കരുതെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ പല കുടുംബങ്ങളും അതു കേൾക്കാതെ പുറത്തുപോയി. ശരിക്കും അവരാണ് പെട്ടുപോയത്. കൃഷി ചെയ്യാൻ കഴിയാത്തതരത്തിൽ വനത്തിനുള്ളിലും ചെങ്കൽകുന്നിന്റെയും പാറയുടെ മുകളിലും മറ്റുമാണ് മിക്കവർക്കും ഭൂമി കിട്ടിയത്. ഇത്തരത്തിൽ സമരരംഗത്തുണ്ടായിരുന്നവരെ ചതിക്കുകയാണ് സർക്കാർ ചെയ്തത്. അങ്ങനെ കുറേപ്പേർ പോയ ശേഷവും ഞങ്ങൾ അറുന്നൂറോളം കുടുംബങ്ങൾ ഉറച്ചുനിന്നു. അവരാണ് ഇപ്പോൾ സമരഭൂമിയിലുള്ളത്.

ഹാരിസണിന്റെ റബ്ബർ മരത്തിൽ നിന്നും ഒട്ടുപാൽ മോഷ്ടിച്ചെന്നു മരം അനുവാദമില്ലാതെ മുറിച്ചെന്നുമൊക്കെ ആരോപിച്ച് ഞങ്ങൾക്കെതിരെ നിരവധി കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്. അതൊന്നും യാതൊരു അടിസ്ഥാനവുമില്ലാത്ത കള്ളക്കേസുകളാണ്. ആ കേസുകൾ പിൻവലിക്കാൻ സർക്കാർ സന്നദ്ധമാകണം. ഞങ്ങൾക്ക് വീട്ടുനമ്പർ ഇട്ടുതരുക എന്നതാണ് ഏറ്റവും പ്രധാനമായി ചെയ്യേണ്ട കാര്യം. അതുണ്ടെങ്കിലേ മറ്റെന്ത് കാര്യവും നടക്കൂ. റേഷൻ കാർഡില്ലാത്തതുകൊണ്ട് മണ്ണെണ്ണ വാങ്ങാൻ കഴിയുന്നില്ല. ഡീസൽ ഒഴിച്ച് വിളക്കുകത്തിച്ചാണ് കുട്ടികൾ പഠിക്കുന്നത്. ഡീസൽ പുകയുടെ ഒരുപാട് അസ്വസ്ഥതകൾ അവർ അനുഭവിക്കുന്നുണ്ട്. ചെങ്ങറയിൽ താമസിക്കുന്ന കുട്ടികൾക്ക് ഇവിടെ അടുത്തുതന്നെ വിദ്യാഭ്യാസം ലഭ്യമാകുന്നതരത്തിൽ ഒരു സ്കൂൾ നിർമ്മിക്കാൻ സർക്കാർ തയ്യാറാകണം. ഒരു അംഗൻവാടി അത്യാവശ്യമായി ഇവിടെ നിർമ്മിക്കണമെന്ന് ബാലാവകാശ കമ്മീഷൻ മുമ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് നടപ്പിലാക്കണം.

റോഡ്, തോട്, റെയിൽവേ പുറമ്പോക്കുകളിലും ലക്ഷംവീട് കോളനികളിലും താമസിച്ചിരുന്നവരാണ് ഞങ്ങൾ. തിരിച്ചുപോകാൻ ഞങ്ങൾക്ക് ഒരിടമില്ല. വർഷങ്ങളായി കൂലിപ്പണിയെടുത്തുകൊണ്ടിരുന്ന ഞങ്ങൾ അന്തസ്സോടെ ജീവിക്കാനുള്ള സാഹചര്യം ഇവിടെ, ഈ ചെങ്ങറയിൽ കണ്ടെത്തിയിട്ടുണ്ട്. സർക്കാർ അത് മനസ്സിലാക്കുകയും എല്ലാ പൗരന്മാരെയും പോലെ ഞങ്ങളെയും അംഗീകരിക്കുകയും ചെയ്യണമെന്നാണ് ചെങ്ങറ സമരം പ്രധാനമായി ആവശ്യപ്പെടുന്നത്. ■